യിക്കൊണ്ടിരിക്കുന്നത്. ഇതുകൂടാതെ പോലീസിന്റെ ഭാഗത്തുനിന്നു തൊഴിലാളികൾക്ക് ഉപദ്രവമുണ്ടായിക്കൊണ്ടിരിക്കുകയാണ്. സ്റ്റാഫ് കമ്മീഷണർട്ടേഴ്സ് പരിസരത്ത് സമാധാനപരമായി തൊഴിലാളികൾ പന്തൽ വച്ചുകെട്ടിയപ്പോൾ ആ തൊഴിലാളികളെ പോലീസ് അറസ്റ്റ് ചെയ്തു. ഈ കഴിഞ്ഞ ബക്രീദ് പെരുന്നാൾ നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ ആഘോഷപൂർവ്വം ആഘോഷിച്ചപ്പോൾ ഈ തൊഴിലാളികൾ പട്ടിണിയിലായിരുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയും എത്രയുംവേഗം ഒരു കോൺഫറൻസ് വിളിച്ച് രമ്യമായി പ്രശ്നം പരിഹരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ 19-8-1985-ൽ കൂടിയ കോൺഫറൻസിൽ തന്നെ തൊഴിലാളി പ്രതിനിധികളുമെല്ലാമായി ആലോചിച്ച് 13-9-1985-ൽ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് കോൺഫറൻസ് വിളിച്ചുകൂട്ടി ഒത്തുതീർപ്പാക്കാനുള്ള ശ്രമം തുടരുന്നതാണ്.

(ii) കെ. എസ്. ആർ. ടി. സി.-യിലെ അദർ ഡ്യൂട്ടി സമ്പ്രദായം നിറുത്തലാക്കിയതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. കെ. ഇ. ഇസ്മയിൽ: കേരളത്തിലൊട്ടാകെയുള്ള പതിനായിരക്കണക്കിനുവരുന്ന യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടിലേക്കാണ് ഞാൻ ശ്രദ്ധ ക്ഷണിക്കുന്നത്. കെ. എസ്. ആർ. ടി. സി. കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കിയിരുന്ന അദർ ഡ്യൂട്ടി സമ്പ്രദായം നിറുത്തിയതിനെ തുടർന്നാണ് ഇത്രയും വലിയ ബുദ്ധിമുട്ട് ജനങ്ങൾ അനുഭവിക്കേണ്ടിവന്നത് എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ദീർഘകാലമായി നടപ്പിലാക്കിക്കൊണ്ടിരുന്ന ഈ സമ്പ്രദായം നിറുത്തിയതിനെത്തുടർന്ന് ഇപ്പോൾ റിസർവേഷൻ കൗണ്ടറിലോ എൻക്വയറി കൗണ്ടറിലോ അതുപോലെതന്നെ സ്റ്റേഷൻ മാസ്റ്റർ ആഫീസിലോ ആളില്ലാത്ത സ്ഥിതിയാണുള്ളത്. അദർ ഡ്യൂട്ടി നിറുത്തി എന്നതിന്റെ പേരിൽ, ഡീസൽ അടിക്കാൻ ആളില്ലാത്തതിന്റെ പേരിൽ ട്രിപ്പുകൾ മുടങ്ങുന്നു. വിവരങ്ങൾ അന്വേഷിക്കാൻ ആയിരക്കണക്കിന് ആളുകൾ വരുന്നു. ഓരോ ട്രാൻസ്പോർട്ട് സ്റ്റേഷനിലും എപ്പോഴാണ് ബസ് വരിക, എപ്പോഴാണ് പോവുകയെന്ന് അന്വേഷിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് നിലവിലുള്ള ഒഴിവുകൾ നികത്താതെ ഇത്തരം സമ്പ്രദായം നടപ്പിലാക്കി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ.എൻ. സുന്ദരൻ നാടാർ): കെ.എസ്.ആർ.ടി.സി. യിൽ വിവിധ വിഭാഗങ്ങളിൽപെട്ട ജീവനക്കാർ അവരുടെ നിർദ്ദിഷ്ട ജോലിയല്ലാതെ മറ്റ് പല ജോലികളും ചെയ്തുവന്നിരുന്നു. ഇതിനെയാണ് അദർ ഡ്യൂട്ടി സമ്പ്രദായമെന്ന് വിശേഷിപ്പിക്കുന്നത്. കാലക്രമേണ ഈ സമ്പ്രദായം വ്യാപകമായി വരികയും അനുവദിക്കാവുന്നതിനെക്കാൾ കൂടുതൽ ജീവനക്കാർ ഈ രീതിയിൽ അദർ ഡ്യൂട്ടിയിൽ കഴിയാൻ ശ്രമിക്കുകയും ചെയ്തു. തൻമൂലം ഷെഡ്യൂൾ സർവ്വീസിൽ തന്നെ കുറവുണ്ടാകുകയുണ്ടായി. ഇത് ഗവൺമെന്റ് സൂക്ഷ്മം വീക്ഷിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 13-8-1985 മുതൽ അദർ ഡ്യൂട്ടി സമ്പ്രദായം അവസാനിപ്പിക്കുകയും ചെയ്തു. 1669 ജീവനക്കാ

LIBRARY ARCHIVES Kerala Legislative Assembly

ാണ് അദർ ഡ്യൂട്ടിയിൽ കഴിഞ്ഞുവന്നത്. 1166 ജീവനക്കാരെ പഴയ തസ്തികയിലേക്ക് മയച്ചു. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യങ്ങൾ മുമ്പുണ്ടായിട്ടുള്ള കാര്യങ്ങളാണ്. ഇന്ന് ഈ പ്രയാസം കുറഞ്ഞുവരുന്നുണ്ട്. ഏതെങ്കിലും പ്രദേശത്ത്, പ്രത്യേകമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയാൽ ആ കാര്യം പൂർണ്ണമായി പരിശോധിക്കുകയും അതിന് പരിഹാരം കണ്ടെത്തുകയും ചെയ്യുന്നതാണ്. ഇന്ന് ഈ പറഞ്ഞ പ്രയാസങ്ങളെല്ലാം ഒഴിവായിരിക്കുകയാണ്.

(iii) ഏഴിമല നേവൽ അക്കാഡമി മാറ്റിക്കൊണ്ടുപോകുന്നതു സംബന്ധിച്ച്

ശ്രീ. എം. വി. രാഘവൻ: സർ, ഏഴിമലയിൽ കേന്ദ്രഗവൺമെന്റ് സ്ഥാപിക്കുമെന്നുപറഞ്ഞ നേവൽ അക്കാഡമി അവിടെ സ്ഥാപിക്കാൻ പോകുന്നില്ല, സ്ഥലം മാറ്റാൻ പോകുന്നുവെന്നൊരു ആശങ്ക പരന്നിട്ടുണ്ട്. 2,600 ഏക്കർ സ്ഥലം ഇതിനുവേണ്ടി ഗവൺമെന്റ് അക്വിസിഷൻ നടത്തിയതാണ്. ഏതാണ്ട് 20 കോടി രൂപ കേന്ദ്രഗവൺമെന്റ് തന്നെ കടം തന്നിട്ടാണ് അത് നടത്തിയിട്ടുള്ളത്. അവിടെ അത്തരമൊരു സ്ഥാപനം വരുന്നതിനുവേണ്ടി കൃഷിക്കാർ ത്യാഗം സഹിക്കണം. അതുകൊണ്ട് ഒഴിഞ്ഞുപോകണമെന്ന് പറഞ്ഞവരാണ് ഞങ്ങൾ. അങ്ങനെ അവർ അവിടെ നിന്നും ഒഴിഞ്ഞുപോയി. അവർക്കാണെങ്കിൽ 30 ശതമാനം ഇനിയും കൊടുക്കാനുണ്ട്. 5 കോടി രൂപയോളം കൊടുത്തുതീർക്കാനുണ്ട്. അതും കൊടുത്തിട്ടില്ല. അതുപോലെതന്നെ ഈ അക്കാഡമിക്കുവേണ്ടി കേന്ദ്രം ആവശ്യപ്പെട്ട റോഡും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടില്ല. മേയ് മാസം പാർലമെന്റിൽ ശ്രീ. നരസിംഹറാവു പറഞ്ഞത്, ഈ അക്കാഡമി സ്ഥാപിക്കാൻ ആറ് കൊല്ലം ആവശ്യമാണെന്നാണ്. ഇപ്പോഴും മലയാള മനോരമപോലുള്ള പത്രങ്ങളിൽ കാണുന്നത് കൊച്ചിയിൽ 15 കൊല്ലമായി പ്രവർത്തിച്ചുവരുന്ന ഈ അക്കാഡമി ഗോവയിലേക്ക് മാറ്റുന്നു എന്നാണ്. ഈ മാറ്റം ഏഴിമലയെ പ്രതികൂലമായി ബാധിക്കും, ഈ അക്കാഡമി നഷ്ടപ്പെടും എന്നാണ് പറയുന്നത്. ഈ ഗുരുതരാവസ്ഥ ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ടോ? കോച്ച് ഫാക്ടറിപോലെ ഇതും പോകുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, അക്കാഡമിക്ക് ആവശ്യമായിട്ടുള്ള സ്ഥലം എടുത്ത് ഏൽപ്പിച്ചുകഴിഞ്ഞു. 1984 മേയ് മാസത്തിൽതന്നെ ഭൂമി ഏൽപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. മറ്റുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. എനിക്ക് ഈ സമയംവരെ കിട്ടിയ അറിവനുസരിച്ച് ഏഴിമലയിൽ സ്ഥാപിക്കാൻ പോകുന്ന നേവൽ അക്കാഡമി ഗോവയിലേക്ക് മാറ്റാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. അതുകൊണ്ട് യാതൊരു ഉൽക്കണ്ഠയ്ക്കും അവകാശമില്ല. പക്ഷേ വർക്ക് ടേക് അപ്പ് ചെയ്യാൻ അഡ്മിനിസ്ട്രേറ്റീവ് ഡിലേ ഉണ്ട്. അത് അവരുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

(iv) റേഷൻകടക്കാർക്കു നൽകുന്ന കമ്മീഷൻ വർദ്ധിപ്പിക്കണമെന്ന ആവശ്യം

ശ്രീ. പി. സി. ജോർജ്ജ്: ഇന്നത്തെ ഗവൺമെന്റ് നിയമം നിന്നാൽ പൊതുവിതരണ രംഗത്ത് സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന 1,200-ഓളം വരുന്ന റീട്ടെയിൽ റേഷൻ വിതരണ തൊഴിലാളികളിൽ ഒരാൾ

LIBRARY ARCHIVES Kerala Legislative Assembly